മി. സ്പീക്കർ: ഒരു കാര്യം കൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിധിയുടെ അടിസ്ഥാനത്തിൽ കാശ് കൊടുത്തിട്ടായിരിക്കും പട്ടയം കൊടുക്കുമ്പോൾ ഇനിയും കേസുകൾ ഉണ്ടോയെന്ന് പരിശോധിക്കട്ടെ എന്നുപറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്നത്. അതുകൊണ്ട് അന്തിമവിധി വാങ്ങുന്ന കേസുകളിൽ കളക്ടറുമായി ചർച്ച ചെയ്ത് വേറെ കേസില്ലെങ്കിൽ, ക്ളിയറായിട്ടുള്ള കേസുകളിൽ ആധാരം കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കാമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായിട്ടും കൊടുക്കാം. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇതുവരെ നാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട് പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ 1714 പേർക്ക് വിലയാധാരം നൽകി. ലാന്റ് അക്വിസിഷൻ കേസുകൾ നിലവിലുള്ളതിനാലാണ് വിലയാധാരം നൽകാൻ താമസമുണ്ടായത്. ലാന്റ് അക്വിസിഷൻ കേസുകൾ വേഗത്തിൽത്തീർക്കാൻ നടപടി സ്വീകരിക്കാം. കേസുകൾ തീരുന്ന മുറയ്ക്ക് വിലയാധാരവും നൽകാം. ബഹുമാന്യനായ സ്പീക്കർ പറഞ്ഞ വികാരം ഉൾക്കൊള്ളുന്നു. ഇത് ഹൗസിംഗ് ബോർഡിന്റെ കുഴപ്പമല്ല. എങ്കിലും ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതനുസരിച്ച് വളരെ വേഗത്തിൽ വിലയാധാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

(9) കരാഞ്ചിറ വലിയ പാലവും അതിനോടനുബന്ധിച്ചുള്ള ചെറിയ പാലവും സമയബന്ധിതമായി പണിചെയ്യുന്നതിനുള്ള കാലതാമസം

ശ്രീ. കെ. പി. രാജേന്ദ്രൻ: കഴിഞ്ഞ ദിവസം അവതരിപ്പിക്കേണ്ട ഒരു സബ്മിഷനായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് എന്റെ നിയോജക മണ്ഡലത്തിലെ ഇരിങ്ങാലക്കുട നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുകിടക്കുന്ന കരാഞ്ചിറ വലിയ പാലവും അതിനോടനുബന്ധിച്ചുള്ള ചെറിയപാല നിർമ്മാണവും. നിർമ്മാണവും ഉദ്ഘാടനവും കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും വലിയ പാലത്തിന്റെ നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. ചെറിയപാലം സമയബന്ധിതമായി തീർക്കുന്ന കാര്യത്തിൽ കുറച്ച് കാലതാമസം വന്നിരിക്കുകയാണ്. വിദ്യാർത്ഥികളും ആശുപത്രിയിൽ പോകുന്നവരും മാർക്കറ്റിൽ പോകുന്നവരുമായി ആയിരക്കണക്കിനാളുകൾ ദൈനംദിനമുപയോഗിക്കുന്ന പാലമായതുകൊണ്ട് പൊളിച്ച വലിയ പാലത്തിന്റെ പണി ത്വരിതപ്പെടുത്തുന്നതിനും ചെറിയ പാലത്തിന്റെ പണി ഈ മാർച്ച് മാസത്തിൽത്തന്നെ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കരാഞ്ചിറ ചെറിയ പാലത്തിന്റെ പ്രവൃത്തി ഈ വർഷകാലത്തിനുമുൻപ് തന്നെ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വലിയ പാലത്തിന്റെ പ്രവൃത്തി സാങ്കേതിക കാരണങ്ങളാലാണ് അൽപം വൈകിയത്. പക്ഷേ ഇപ്പോൾ വളരെ വേഗത്തിൽ കാര്യങ്ങൾ നീങ്ങുന്നുണ്ട്. അഞ്ച് പൈലുകൾ പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly

ക്കഴിഞ്ഞു. ഏകദേശം നാല്പത്തെട്ടോളം പൈലുകൾ അതിനകത്ത് വരുന്നുണ്ട്. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇനിയുള്ള ദിവസങ്ങളിൽ സമയബന്ധിതമായ ഷെഡ്യൂൾ വച്ച് വലിയ കരാഞ്ചിറപ്പാലം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

14-3-2005-ൽ അജണ്ടയിലെ മൂന്നാമത്തെ ഇനമായി സഭയുടെ മേശപ്പുറത്തുവച്ച കടലാസ്സുകളുടെ പട്ടിക

I മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. നോട്ടിഫിക്കേഷൻ നമ്പർ 39055/എസ്. എസ്. എ2/2004/ഹോം തീയതി 23-12-2004 (എസ്. ആർ. ഒ. നമ്പർ 1358/2004)

2. നോട്ടിഫിക്കേഷൻ നമ്പർ 39055/എസ്. എസ്. എ2/2004/ഹോം തീയതി 18-2-2005 (എസ്. ആർ. ഒ. നമ്പർ 193/2005)

II തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2002-2003-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

III വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷന്റെ 2003-04-ലെ വാർഷിക റിപ്പോർട്ട്.

2. സ്കൂട്ടേഴ്സ് കേരള ലിമിറ്റഡിന്റെ 2002-2003-ലെ ഫൈനൽ അക്കൗണ്ട്സ് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 1995-1996-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

4. കേരള വനിതാ കമ്മീഷൻ—അട്ടപ്പാടിയിൽ സംഘടിപ്പിച്ച പബ്ലിക് ഹിയറിംഗ് റിപ്പോർട്ട്.

5. കേരള വനിതാ കമ്മീഷൻ—വനിതാ മാധ്യമ പ്രവർത്തകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച കേരള വനിതാ കമ്മീഷന്റെ ശുപാർശാ റിപ്പോർട്ട്.

6. കേരള വനിതാ കമ്മീഷൻ—അട്ടപ്പാടിയിലെ അഗളി ആരോഗ്യകേന്ദ്രം സന്ദർശന റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly